**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1146** **18-01-2021 - ൽ മറുപടിയ്ക്ക്**

**നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പെരിന്തൽമണ്ണ ബ്ലോക്കിലെ നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റലിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | പ്രീമെട്രിക്ക് ഹോസ്റ്റൽ നെൻമേനിയുടെ ആർക്കിടെക്ച്ചറൽ പ്ലാൻ അനുസരിച്ച് രണ്ടു നിരപ്പുകളിലായിട്ടാണ് ( 1 മീറ്റർ വ്യത്യാസത്തിൽ) വിഭാവനം ചെയ്തിരിക്കുന്നത്. ആയതിന്റെ ഉയരം കൂടിയ നിരപ്പിന്റെ പ്ലിന്ത് ബീമിന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രീമെട്രിക്ക് ഹോസ്റ്റൽ നെന്മേനിയുടെ പ്രവൃത്തി സ്ഥലം കൈമാറിയത് 15/10/2019 ന് ആണ്. 12 മാസമാണ് പ്രവൃത്തി കാലാവധി 14/10/2020-ന് പ്രവൃത്തി അവസാനിക്കേണ്ടതായിരുന്നു. പക്ഷെ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ ചെയ്യേണ്ടതായി വന്നു. കൂടാതെ കോവിഡ്-19 ന്റെ അതിവ്യാപനം കാരണം പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. 14/04/2021 വരെ പ്രവൃത്തിയുടെ കാലാവധി നീട്ടി നൽകാനുള്ള അപേക്ഷ കരാറുകാരൻ സമർപ്പിച്ചിട്ടുണ്ട്. മേൽ തീയതികളിൽ തന്നെ പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കാനുള്ള കർശന നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ